ഉത്തരം

(എ) സീനിയോറിറ്റി സംബന്ധിച്ച് കേസുകൾ നിലവിലുണ്ട്.

(ബി) ഈ കേസ്സുകളിൽ ഒരെണ്ണം ഒഴികെ മറ്റെല്ലാ കേസുകളിലും കോടതിയിൽ വാദം നടന്നുവരികയാണ്.

(സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനം ഓടിക്കുന്നത് തടയാൻ നടപടി

106 (3296) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനം ഓടിക്കുന്നത് സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നു മുതലാണ് നിരോധിച്ചിട്ടുള്ളത് ;

(സി) ഏതെങ്കിലും ജില്ലയിൽ മാത്രമായി ഈ നിരോധനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടു വാഹനം ഓടിച്ച എത്ര സംഭവങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട് ;

(ഇ) സംസ്ഥാനം മുഴുവൻ ഈ നിരോധനം കർശനമായി നടപ്പിൽവരുത്തുമോ ?

ഉത്തരം

(എ-ഇ) നിരോധിച്ചിട്ടില്ല, എന്നാൽ വാഹനാപകടങ്ങൾക്കു കാരണമാകുംവിധം ഡ്രൈവിംഗിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ മൊബൈൽ ഫോൺ ഉപയോഗിക്കുന്ന പ്രവണത തിരുത്തപ്പെടേണ്ടതാണ്.

എ.എസ്.ഐ മാരെ തരംതാഴ്ത്തിയ നടപടി

107 (3297) ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ പോലീസ് വകുപ്പിൽ നാൽപ്പത്തിരണ്ടോളം എ.എസ്.ഐമാരെ തരം താഴ്ത്തുകയും തരം താഴ്ത്തപ്പെട്ടവരുടെ ജൂനിയർ ആയിട്ടുള്ളവരെ പ്രമോട്ടു ചെയ്യുകയും ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) 12-8-1996-ൽ ഉത്തരവായ ബി.എ. 7277/95 കേസിൽ തരം താഴ്ത്തൽ പാടില്ലെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly